(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ബി.പി/181/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,

തീയതി.03.02.2017.

ഫോൺ 0471-2331231

E-mail lfadtvm@yahoo.in

ജോയിന്റ് ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത്.

സർ,

വിഷയം : പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15 & 2015-16 സാമ്പത്തിക വർഷങ്ങളിലെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ചചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേ ണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ.

പകർപ്പ്:

1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.

3) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.റ്റി.വി.എം.ബി.പി/181/17 തിയതി: 03.02.2017

തിരുവനന്തപുരം ജില്ലയിലെ പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ

ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ.മോഹനൻ പിള്ള.വി.എം., ജോയിന്റ് ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 16-01-2017മുതൽ 21-01-2017വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ : ശ്രീ.ബിജുലാൽ മണി.എസ്.എൽ, സീനിയർ ഗ്രേഡ് ഓഡിറ്റർ.

ശ്രീ.അരുൺ.സി.എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ ഓഡിറ്റർ.

ശ്രീ.രാജു.എസ്, ഓഡിറ്റർ

(ബി) നിർവ്വഹണാധികാരികൾ

പ്രസിഡന്റ് : ശ്രീമതി. സുജാതകുമാരി, 01-04-2015 മുതൽ 31-03-2016 വരെ

സെക്രട്ടറി : ശ്രീ.ബി.അനീഷ്, 01-04-2015 മുതൽ 31-01-2016 വരെ

ശ്രീമതി.സൗമ്യഗോപാലകൃഷ്ണൻ 01-02-2016 മുതൽ 31-03-2016 വരെ

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ | ശ്രീ.കെ.ഉണ്ണി | 01-04-2015 മുതൽ 03-03-2016 വരെ |
| | ശ്രീ.അജിത്കുമാർ.ജി.എസ് | 04-03-2016 മുതൽ 31-03-2016 വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, വെള്ളറട | ഡോ.പ്രതാബ് | 01-04-2015 മുതൽ 30-04-2015 വരെ |
| | ഡോ.സതീഷ് | 01-05-2015 മുതൽ 31-03-2016 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, പെരുങ്കടവിള | ഡോ.ബെൻസിലാൽ വിൽസ് സുന്ദർ സഹായം | 01-04-2015 മുതൽ 31-03-2016 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി.എസ്.പത്മകുമാരി | 01-04-2015 മുതൽ 21-12-2015 വരെ |
| | ശ്രീമതി.ജയകുമാരി | 22-12-2015 മുതൽ 31-03-2016 വരെ |
| ക്ഷീരവികസന ഓഫീസർ | ശ്രീ.ബി.ശ്രീകുമാർ | 01-04-2015 മുതൽ 31-03-2016 വരെ |
| അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | ശ്രീ.ഉണ്ണികൃഷ്ണൻ | 01-04-2015 മുതൽ 02-05-2015 വരെ |
| | ശ്രീ.മാത്യു.കെ.തയ്യിൽ | 03-05-2015 മുതൽ 26-07-2015 വരെ |
| | ശ്രീമതി.പത്മം | 27-07-2015 മുതൽ 03-01-2016 വരെ |
| | ശ്രീ.മാത്യു.കെ.തയ്യിൽ | 04-01-2016 മുതൽ 31-03-2016 വരെ |
| ശിശു വികസന ഓഫീസർ, പെരുങ്കടവിള | ശ്രീ.ബി.കെ.ഗ്ലാഡിസ് പത്മം | 01-04-2015മുതൽ 27-07-2015 വരെ |
| | ശ്രീമതി.എം.ബേബി | 28-07-2015 മുതൽ 03-03-2016 വരെ |
| ശിശു വികസന ഓഫീസർ, പനച്ചമൂട് | ശ്രീമതി.സന്ധ്യ | 01-04-2015 മുതൽ 13-04-2015 വരെ |
| | ശ്രീമതി.റാണിമതി | 14-04-2015 മുതൽ 08-02-2016 വരെ |
| | ശ്രീമതി.ജസ്സിമാനറ്റ് | 09-02-2016 മുതൽ 31-03-2016 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 | |
| 9 | ആഭ്യന്തരനിയന്ത്രണം. | 1-9 | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 | |
| | ഭാഗം 2 | | |
| | ഇല്ല | | |
| | ഭാഗം 3 | | |
| 11 | വനിതാ ക്യാന്റീൻ പ്രവർത്തനമില്ല | 3-1 | |
| 12 | കമ്പിയുടെ അളവിൽ വ്യത്യാസം - 1598 രൂപ നിരാകരണം | 3-2 | |
| 13 | നെയിം ബോർഡ് കാണാനില്ല. | 3-3 | |
| 14 | ഐ.എ.വൈ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 3-4 | |
| 15 | ഭവന നിർമ്മാണം പൂർത്തീകരിച്ചവർക്ക് തുക നൽകാൻ ബാക്കി | 3-5 | |
| 16 | മെറിറ്റോറിയസ് സ്കോളർഷിപ്പ് - അപാകതകൾ- 60000/- രൂപ തടസ്സം | 3-6 | |

| | | | |
|---|---|---|---|
| 17 | കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പദ്ധതി നിർവ്വഹണത്തിൽ അലംഭാവം. | 3-7 | |
| 18 | ചെലവാകാത്ത തുക തിരിച്ചടക്കാൻ കാലതാമസം | 3-8 | |
| 19 | വാഹന പരിപാലനം | 3-9 | |
| 20 | അപകടകരമായ മരങ്ങൾ മുറിച്ച മാറ്റൽ | 3-10 | |
| 21 | ഒരേ കാലയളവിലെ യാത്രക്ക് രണ്ടു തവണ യാത്രാ ബത്ത അനുവദിച്ചു | 3-11 | |
| 22 | യാത്ര ബത്ത സീലിംഗ് അധികരിച്ചു | 3-12 | |
| 23 | ഡയറി എക്സ്റ്റൻഷൻ ഓഫീസറുടെ പ്രോജക്ടുകൾ | 3-13 | |
| | ഭാഗം 4 | | |
| 24 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 25 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 26 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 27 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | |
| 28 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 29 | ഓഡിറ്റ് റിക്കവറി | 4-6 | |
| 30 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 31 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 32 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 25.03.2015 തിയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 706167000/- രൂപ വരവും 696046000/-രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ യഥാർത്ഥ വരവ് 204136132/-രൂപയും ചെലവ് 141868682/-രൂപയുമാണ്. യഥാർത്ഥ വരവ് ചെലവുകളുമായി പൊരുത്തപ്പെടുന്ന ബജറ്റുകൾ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31-07-2016 | 23.06.16 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 21.01.2017 | അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്. |

## 1-4 സാമ്പത്തിക വിശകലനം

2015-16

മുന്നിരിപ്പ് - 60472416

വരവ് - 204136132

ആകെ - 264608548

ചെലവ് - 141868682

നീക്കിയിരിപ്പ് - 122739866

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 4708055 | 37133130 | 41841185 | 41841185 | - | 100 |
| വികസനഫണ്ട് എസ്.സി.പി. | 1834500 | 10904000 | 12738500 | 12738500 | - | 100 |
| വികസനഫണ്ട് ടി.എസ്.പി. | 665 | 1665000 | 1665665 | 1665665 | - | 100 |
| സംരക്ഷണ ഗ്രാന്റ് റോഡ് | - | - | - | - | - | - |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 454255 | 870618 | 1324873 | 1324873 | - | 100 |
| ഐ.എ.വൈ | 46632840 | 149515174 | 196148014 | 80097235 | 116050779 | 4.08 |
| ഐ.എ.വൈ (അഡ്മിൻ) | 91397 | 3389 | 94786 | 32410 | 62376 | 34.19 |

| | | | | | | |
|---|---|---|---|---|---|---|
| സൈൻ | 3404 | 138 | 3542 | - | 3542 | - |
| ഹരിയാലി | 1228175 | 49618 | 1277793 | - | 1277793 | - |
| ഐ.എ.വൈ ലോൺ | 84349 | 5136 | 89485 | - | 89485 | - |
| പൈക്ക | - | 60834 | 60834 | 50000 | 10834 | 82.19 |
| തനത് ഫണ്ട് | 5298232 | 3273106 | 8571338 | 3596426 | 4974912 | 42 |
| ടി.എസ്.സി | - | 154883 | 154883 | 27388 | 127495 | 17.68 |
| എസ്.ജി.എസ്.വൈ | 136544 | 501106 | 637650 | 495000 | 142650 | 77.62 |
| ആകെ | 60472416 | 204136132 | 264608548 | 141868682 | 122739866 | |

ഐ.എ.വൈ പദ്ധതിയിൽ ബ്ലോക്ക് ഷെയർ ആയി ചെലവഴിച്ച 30869665/-രൂപ എ.എഫ്.എസിലെ വരവിലും ചെലവിലും ഇരട്ടിച്ചിട്ടുണ്ട്. 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റിൽ ഐ.എ.വൈ വായ്പയുടെ തിരിച്ചടക്കാൻ ബാക്കിയുള്ള തുകയിൽ 1471456/-രൂപയുടെ വ്യത്യാസം വന്നിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷത്തെ AFS-ൽ ഇത് ക്രമീകരിക്കേണ്ടതാണ്.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷങ്ങളിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2015-16 | 73 | 79721879 | 69 | 57570223 | 4 | - | 94.5 |

പദ്ധതി നിർവ്വഹണത്തിൽ ഗ്രാമപഞ്ചായത്ത് അധികൃതർ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. കാർഷിക മേഖലയിലെ പദ്ധതികൾക്ക് തൻവർഷം കൂടുതൽ പ്രാധാന്യം നൽകിയിട്ടില്ല. പശ്ചാത്തല മേഖലയിലെ പദ്ധതികൾ ഗുണഭോക്താക്കൾക്ക് പൂർണ്ണമായും പ്രയോജനപ്പെടും വിധം നടപ്പിലാക്കേണ്ടതാണ്.

ഫണ്ടിന്റെ ലഭ്യത ഉറപ്പാക്കിയും പ്രാഥമിക പഠനം നടത്തിയും പ്രായോഗികമായി നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികൾക്ക് പ്രഥമ പരിഗണന നൽകേണ്ടതും, അംഗീകാരം ലഭ്യമാകുന്ന എല്ലാ പ്രോജക്ടുകളും സമയബന്ധിതമായി പൂർത്തിയാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്.

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | - | - | - | - |
| നികുതിയേതര വരവുകൾ | - | 148000 | 148000 | 100 |
| മറ്റുവരവുകൾ | - | 5000 | 5000 | 100 |
| ആകെ | - | 153000 | 153000 | 100 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.01.2017 രാവിലെ 10.30 മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം.

ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കാലികമാക്കി സൂക്ഷിക്കേണ്ടതും റോഡ് നിർമ്മാണ/മെയിന്റനൻസ് പണികൾ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ അനുസരിച്ച് മുൻഗണനാക്രമം പാലിച്ച് നിർവ്വഹിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. മാർഗ്ഗരേഖയും സർക്കാർ ഉത്തരവുകളും പാലിച്ച് വികസനപദ്ധതികൾ നടപ്പാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.11.2016 | 2015-16 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02.02.2015 | 01.12.12–31.12.14 | ലഭിച്ചിട്ടില്ല |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

**- -**

ഇല്ല

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വനിതാ ക്യാന്റീൻ പ്രവർത്തനമില്ല

വനിതാ ക്യാന്റീനു വേണ്ടി കെട്ടിടം പണി പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും നാളിതുവരെ പ്രവർത്തനം തുടങ്ങാൻ കഴിഞ്ഞിട്ടില്ല. 2015-16 സാമ്പത്തികവർഷം ഇതിന്റെ പൂർത്തീകരണത്തിനായി 210000/- രൂപ ചെലവഴിച്ചിട്ടുണ്ട്. മുൻ വർഷങ്ങളിലുൾപ്പെടെ ഈ പദ്ധതിക്കായി പത്ത് ലക്ഷം രൂപ വരെ ചെലവാക്കിയിട്ടുണ്ടെങ്കിലും ഇതുവരെ പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല എന്ന് 09.12.2015-ലെ ജനറൽ കമ്മിറ്റി മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കാലതാമസം കാരണം കെട്ടിടത്തിനും ഉപകരണങ്ങൾക്കും കേടുപാടുകൾ സംഭവിക്കാൻ സാധ്യതയുള്ളതിനാൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. അടിയന്തിരമായി ലേല നടപടികൾ സ്വീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നതിന് ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-2 കമ്പിയുടെ അളവിൽ വ്യത്യാസം - 1598/- രൂപ നിരാകരണം

പദ്ധതി - പുതുവീട് - മണത്തോട്ടം റോഡ്, കലുങ്ക്.

പദ്ധതി നമ്പർ - 45/16

എം ബുക്ക് നമ്പർ - 517/15-16

അടങ്കൽ - 500000/-(വികസനഫണ്ട്)

ചെലവ് തുക - 413352/-(DD no. 737942-/15-16,തീ.31.03.16)

നിർവ്വഹണഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

കോൺട്രാക്ടർ - ശ്രീ.സതീഷ് രാജ് (17.3% കുറവ്)

പദ്ധതിക്കായി ഉപയോഗിച്ച 16 mm കമ്പിയുടെ അളവ് കൂട്ടിയെഴുതിയതിൽ 19.86 kg ന്റെ വ്യത്യാസം വന്നിട്ടുണ്ട്.

16mm ന്റെ അളവ് എം.ബുക്ക് പേജ് നമ്പർ - 13 ൽ - 272.4 x 1.576 = 429.30 kg

എം.ബുക്ക് പേജ് നമ്പർ – 12, 13 ലെ രേഖപ്പെടുത്തൽ

പ്രകാരം ഉപയോഗിച്ച 16mm ന്റെ അളവ് – 259.8 x 1.576 = 409.44 kg

വ്യത്യാസം - 429.3 – 409.44 = 19.86 kg

അധികം നൽകിയ തുക – 19.86 x 97.28/kg = 1932

ടെണ്ടർ കുറവ് (17.3%) – 334

ടെണ്ടർ കുറവ് കഴിച്ചുള്ള തുക – 1598

അധികം നൽകിയ തുക കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-3 നെയിം ബോർഡ് കാണാനില്ല.

പദ്ധതി – നിലമാമൂട് – ചാമക്കാല കലിങ്കൽ റോഡ് പുനരുദ്ധാരണം

പദ്ധതി നമ്പർ – 29/16

അടങ്കൽ – 500000/- (വികസനഫണ്ട്)

ചെലവ് തുക – 410012/- (Billno. 28/15-16,തീ.25.01.16)

നിർവ്വഹണഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

കോൺട്രാക്ടർ – ശ്രീ. കെ.ഗോപി

പ്രവൃത്തിയുടെ എം ബുക്കിൽ നെയിം ബോർഡ് സ്ഥാപിച്ചതായി പറയുന്നുണ്ടെങ്കിലും സ്ഥല പരിശോധനയിൽ ഇത് കണ്ടെത്താൻ കഴിഞ്ഞില്ല. കാരണം അറിയിക്കാനാവശ്യ പ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പറയുന്നത് ബോർഡ് സ്ഥാപിച്ചിട്ടുണ്ടായിരുന്നു എന്നും, അത് കളവ് പോയി എന്നുമാണ്. സ്ഥലം സന്ദർശിച്ച് നടത്തിയ പരിശോധനയിൽ സമീപത്തെ ഒരു മതിലിൽ ബോർഡ് സ്ഥാപിച്ചതിനു ശേഷം ഇളക്കി മാറ്റിയതായി കണ്ടു.

എം ബുക്ക് (486/15-16) പേജ് നമ്പർ 22 ൽ 100cm x 35cm x 10cm അളവിലുള്ള കോൺക്രീറ്റ് സ്ലാബ് സ്ഥാപിച്ച് അതിൽ നെയിംബോർഡ് ഉറപ്പിച്ചതായി രേഖപ്പെടുത്തി യാണ് 6475രൂപ നൽകിയിരിക്കുന്നത്. എസ്റ്റിമേറ്റ് റിപ്പോർട്ട്, എം ബുക്ക് എന്നിവയിൽ പറയുന്ന സ്പെസിഫിക്കേഷനിൽ പ്രവൃത്തി നടപ്പാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 3-4 ഐ.എ.വൈ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

2015-16 ൽ നടപ്പാക്കിയ ഐ.എ.വൈ ഭവന പദ്ധതിയിൽ 581 ഗുണഭോക്താക്കൾ എഗ്രിമെന്റ് വച്ച് വീട് നിർമ്മാണം തുടങ്ങിയെങ്കിലും 356 പേർ മാത്രമേ വീട് പൂർത്തിയാക്കിയിട്ടുള്ളൂ. വിശദ വിവരം ചുവടെ.

| ക്രമ നം. | പഞ്ചായത്ത് | കരാർ വെച്ച ഗുണഭോക്താക്കളുടെ എണ്ണം | വീട് നിർമ്മാണം പൂർത്തിയാക്കിയവർ | വീട് നിർമ്മാണം പൂർത്തിയാക്കാൻ ബാക്കിയുള്ളവർ |
|---|---|---|---|---|
| 1 | പെരുങ്കടവിള | 74 | 46 | 28 |

| | | | | |
|---|---|---|---|---|
| 2 | അമ്പൂരി | 52 | 28 | 24 |
| 3 | ആര്യൻകോട് | 61 | 46 | 15 |
| 4 | കൊല്ലയിൽ | 68 | 44 | 24 |
| 5 | കള്ളിക്കാട് | 95 | 35 | 60 |
| 6 | വെള്ളറട | 82 | 61 | 21 |
| 7 | കുന്നത്തുകാൽ | 87 | 58 | 29 |
| 8 | ഒറ്റശേഖരമംഗലം | 62 | 38 | 24 |
| | ആകെ | 581 | 356 | 225 |

കരാറിലേർപ്പെട്ട് ഒരു വർഷത്തിനു ശേഷവും പണി പൂർത്തിയാക്കാതെ അവശേഷിക്കുന്നതായാണ് രേഖകളിൽ കാണുന്നത്. സമയ ബന്ധിതമായി ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 ഭവന നിർമ്മാണം പൂർത്തീകരിച്ചവർക്ക് തുക നൽകാൻ ബാക്കി

ഭവന നിർമ്മാണം പൂർത്തിയാക്കിയ പട്ടികജാതി, വർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് 3 ലക്ഷം രൂപ ലഭിക്കുന്നതിന് അർഹതയുണ്ടെങ്കിലും 2 ലക്ഷം രൂപ മാത്രമാണ് നൽകിയിട്ടുള്ളത്. കാരണം അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 7-ന് നൽകിയ മറുപടിയിൽ പറയുന്നത്, മാതൃവകുപ്പുകളിൽ നിന്നും വിഹിതം ലഭിക്കാത്തതിനാലാണ് തുക നൽകാത്തത് എന്നാണ്. 07.10.2016-ലെ സ.ഉ.(സാ) നം.2850/16 തസ്വഭവ നമ്പർ ഉത്തരവിൽ നൽകാൻ ബാക്കി നിൽക്കുന്ന തുകകൾ ജില്ലാ, ബ്ലോക്ക്, ഗ്രാമ പഞ്ചായത്തുകളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കുന്ന തിന് സർക്കാർ അനുമതി നൽകിയിട്ടുള്ളതിനാൽ, ഇത് ലഭിക്കുന്ന മുറയ്ക്ക് വിതരണം ചെയ്യും എന്നും അറിയിച്ചിട്ടുണ്ട്. പണി പൂർത്തിയാക്കിയവർക്ക് കരാർ പ്രകാരമുള്ള ധനസഹായം ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 മെറിറ്റോറിയസ് സ്കോളർഷിപ്പ് - അപാകതകൾ - 60000 രൂപ തടസ്സം

പദ്ധതി – പട്ടികജാതി യുവതീയുവാക്കൾക്ക് സംസ്ഥാനത്തിന് അകത്തും പുറത്തും ഉപരിപഠനത്തിന് ധനസഹായം

പദ്ധതി നമ്പർ – 20/16

അടങ്കൽ – 500000 /-(വികസനഫണ്ട് - എസ്.സി.പി)

നിർവ്വഹണഉദ്യോഗസ്ഥൻ – പട്ടികജാതി വികസന ഓഫീസർ

1. പദ്ധതിയിലൂടെ ധനസഹായം നൽകിയ ശ്രീമതി രേഷ്മ.ബി.മോഹൻ എന്ന ഗുണഭോക്താവിന്റെ റേഷൻ കാർഡിൽ പിതാവിന് സർക്കാർ ജോലിയുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു.
2. ശ്രീ.വിനോദ് 2009-10 സാമ്പത്തിക വർഷം മുതൽ 4 വർഷം പഠിച്ച് കോഴ്സ് പൂർത്തിയാക്കുന്നതായി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട്. ഇതനുസരിച്ച് 15-16-നു മുൻപ് കോഴ്സ് പൂർത്തിയാകുന്നതാണ് എന്നാൽ സ്കോളർഷിപ്പ് അനുവദിച്ചതായി കാണുന്നു.
3. ശ്രീ.രേഷ്മ,വി.എൽ എന്നയാളുടെ കോഴ്സ് സർട്ടിഫിക്കറ്റ് ഹാജരാക്കാതെ ധനസഹായം നൽകിയിരിക്കുന്നു.

ഓഡിറ്റ് എൻക്വയറി 1-ൽ വിശദീകരണം ആവശ്യപ്പെട്ടതനുസരിച്ച് ലഭ്യമാക്കിയ മറുപടിയിൽ പറയുന്നത് ശ്രീമതി. രേഷ്മ.ബി.മോഹന്റെ പിതാവ് പാർട്ട് ടൈം സ്വീപ്പറായിരുന്നു എന്നും മറ്റു രണ്ടു പേരുടെയും ശരിയായ കോഴ്സ് സർട്ടിഫിക്കറ്റുകൾ ഹാജരാക്കാൻ നിർദേശം നൽകിയിട്ടുണ്ടെന്നുമാണ്. മേൽ അപാകതകൾ നിലനിൽക്കുന്ന സാഹചര്യത്തിൽ ഇവർക്ക് അനുവദിച്ച 60000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-7 കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പദ്ധതി നിർവ്വഹണത്തിൽ അലംഭാവം.

2015-16 സാമ്പത്തിക വർഷം കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി 4778000/-രൂപയുടെ പദ്ധതികൾ തീരുമാനിച്ചു എങ്കിലും ഇതിൽ, 66600/- രൂപ മാത്രമാണ് ചെലവഴിച്ചതായി കാണുന്നത്. ജൈവ പച്ചക്കറികൃഷിക്കായാണ് ഈ തുക ചെലവാക്കിയത്. വാഴകൃഷിവികസനം, ജൈവ പച്ചക്കറി കൃഷി(വനിത), സമഗ്ര നെൽകൃഷി വികസനം, എന്നീ പദ്ധതികൾക്കായി തുക വകയിരുത്തിയിട്ടുണ്ടായിരുന്നു. എന്നാൽ ഇതൊന്നും നടപ്പാക്കാതെ പദ്ധതി നിർവ്വഹണത്തിൽ വീഴ്ചവരുത്തിയിട്ടുണ്ട്. തുക ചെലവഴിക്കാതിരുന്നതിന് വ്യക്തമായ കാരണങ്ങളൊന്നും അറിയിച്ചിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ വിശദീകരണം നൽകേണ്ടതാണ്.

## 3-8 ചെലവാകാത്ത തുക തിരിച്ചടക്കാൻ കാലതാമസം

2015-16 സാമ്പത്തിക വർഷം ജൈവ പച്ചക്കറി കൃഷിക്കായി 7500/-രൂപ 31.03.2016-ൽ പിൻവലിച്ചിരുന്നു. എന്നാൽ ഈ തുക ചെലവഴിക്കാതെ 13.01.2017 ന് കാട്ടാക്കട സബ് ട്രഷറിയിൽ (ചലാൻ നമ്പർ-004651755201616) ഒടുക്കിയിട്ടുണ്ട്. തിരിച്ചടക്കാൻ കാലതാമസം നേരിട്ടതിനുള്ള കാരണം അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. ട്രഷറിയിൽ നിന്നും പിൻവലിച്ച ശേഷം ഒരു മാസത്തിനുള്ളിൽ വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക ഒരു മാസത്തിന് ശേഷം ബന്ധപ്പെട്ട ശീർഷകങ്ങളിൽ തിരികെ ഒടുക്കേണ്ടതാണ്. (സ.ഉ(എം.എസ്) 83/11/തസ്വഭവ. തീ.28.03.2011, ഖണ്ഡിക-47). സർക്കാർ ഉത്തരവുകൾ പാലിച്ച് പദ്ധതികൾ നടപ്പാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 വാഹന പരിപാലനം

വാഹനങ്ങളുടെ ലോഗ് ബുക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

- വാഹനങ്ങളിൽ ഫുൾ ടാങ്ക് ഇന്ധനം നിറക്കുന്നില്ല.
- ഇന്ധനം നിറയ്ക്കുന്ന സമയത്തെ റീഡിങ് രേഖപ്പെടുത്തുന്നില്ല.
- റിപ്പയർ രജിസ്റ്റർ, ഫ്യൂവൽ രജിസ്റ്റർ, മെയിന്റനൻസ് രജിസ്റ്റർ എന്നിവ പരിപാലിക്കുന്നില്ല
- ലോഗ് ബുക്കിൽ മാസാവസാനത്തെ ക്ലോസിങ് രേഖപ്പെടുത്തലുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിക്കുകയോ ഒപ്പു വെയ്ക്കുകയോ ചെയ്യുന്നില്ല
- മാസാവസാന ക്ലോസിങ് രേഖപ്പെടുത്തലുകളും ലോഗ് ബുക്കിലെ യാത്രാ രേഖകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല

  മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 3-10 അപകടകരമായ മരങ്ങൾ മുറിച്ചു മാറ്റൽ

24.06.2014ലെ കത്തു പ്രകാരം ആവശ്യപ്പെട്ടതനുസരിച്ച് ഫോറസ്റ്റ് കൺസർവേറ്റീവ് ഓഫീസർ ഫീൽഡ് പരിശോധന നടത്തുകയും ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിലെ 10 മരങ്ങളും പെരുങ്കടവിള കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ 3 മരങ്ങളും വെള്ളറട കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ 10 മരങ്ങളും അപകട അവസ്ഥയിലാണെന്നു ബോധ്യപ്പെടുകയും ചെയ്തു. ഇതനുസരിച്ച് ടി മരങ്ങൾ മുറിച്ചു മാറ്റാൻ 08.12.2014 ലെ കത്തു പ്രകാരം അനുമതി നൽകുകയും ചെയ്തു. എന്നാൽ മുറിച്ചു മാറ്റുന്നതിന് പകരം ഓരോ മരത്തിനും പകരം 10 മരത്തൈകൾ നട്ടുപിടിപ്പിച്ചു പരിപാലിക്കാനും നിർദേശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 10 മരങ്ങൾ മുറിച്ചുമാറ്റാനായി ലേലം ചെയ്ത് നൽകി. എന്നാൽ ബാക്കിയുള്ള 13 മരങ്ങളിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമല്ല. കൂടാതെ മരത്തൈകൾ നട്ടു പിടിപ്പിച്ചിട്ടുണ്ടോ എന്നും വ്യക്തമല്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:8) മറുപടി ലഭിച്ചില്ല. അപകടങ്ങളായ മരങ്ങൾ മുറിച്ചു മാറ്റേണ്ടത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ കടമയാണ്. സമയബന്ധിതമായി അവ മുറിച്ചുമാറ്റേണ്ടത്

അത്യാവശ്യവുമാണ്. ആയതിനാൽ മേൽപ്പറഞ്ഞ മരങ്ങൾ മുറിച്ചുമാറ്റിയിട്ടില്ലെങ്കിൽ അവ എത്രയും വേഗം മുറിച്ചു മാറ്റാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ മുറിച്ചു മാറ്റിയ മരങ്ങൾക്കു പകരം ഫോറസ്റ്റ് കൺസർവേറ്റീവ് ഓഫീസർ നിർദേശിച്ചതു പോലെ ആവശ്യത്തിനു മരത്തൈകൾ നട്ടു പിടിപ്പിക്കേണ്ടതാണ്.

## 3-11 ഒരേ കാലയളവിലെ യാത്രക്ക് രണ്ടു തവണ യാത്രാ ബത്ത അനുവദിച്ചു

ഡിഡി നമ്പർ : 795107 തീയതി: 25.07.2015

ഡിഡി നമ്പർ : 736076 തീയതി: 26.02.2016

ശ്രീ.ഡി.സുനിൽ കുമാർ, സീനിയർ ക്ലർക്ക് 19.01.2015മുതൽ 07.04.2015 വരെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് വിവിധ ഔദ്യോഗിക യാത്രകൾ നടത്തുകയും അതിനായി 2400/-രൂപ ടിയാന് യാത്ര ബത്ത അനുവദിക്കുകയും ചെയ്തു. അതിനു ശേഷം 19.01.2015മുതൽ 26.02.2016വരെയുള്ള യാത്രാകൾ പരിഗണിച്ച് 8400/-രൂപ അനുവദിച്ചു.

എന്നാൽ 19.01.2015 മുതൽ 26.02.2016 വരെയുള്ള യാത്രകളിൽ ആദ്യം 2400/- രൂപ അനുവദിച്ച 19.01.2015 മുതൽ 07.04.2015വരെയുള്ള യാത്രകളും ഉൾപ്പെട്ടിരുന്നു. അതുവഴി ഒരേ യാത്രക്ക് രണ്ടു തവണ പ്രതിഫലം നൽകി. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:2) മറുപടി ലഭിച്ചില്ല. ആയതിനാൽ അധികമായി അനുവദിച്ച 2400/-രൂപ നിരാകരിക്കുന്നു

## 3-12 യാത്രാ ബത്ത സീലിംഗ് അധികരിച്ചു

ചെക്ക് നം 1097671, 1317086തീയതി 23.09.2015, 06.02.2016

ശ്രീ.ചന്ദ്രമോഹനൻ, ഡ്രൈവർ-ന് താഴെ പറയുന്ന മാസങ്ങളിൽ യാത്രാബത്ത അനുവദിച്ചിട്ടുണ്ട്. യാത്രാബത്ത അനുവദിക്കുമ്പോൾ സീലിംഗ് നിർബന്ധമായും ഉറപ്പാക്കേണ്ടതാണ്. സ.ഉ.നം:74/2012/ഫിൻ തീയതി 28.01.2012 പ്രകാരം കാറ്റഗറി II (ബി) ഉദ്യോഗസ്ഥന് ബാധകമായ മന്ത്ലി സീലിംഗ് 980/-രൂപയും ക്വാർട്ടർലി സീലിംഗ് 2940/-രൂപയുമാണ്. എന്നാൽ ഈ സീലിംഗ് താഴെ പറയുന്ന യാത്രാബത്ത അനുവദിച്ച പ്പോൾ പാലിച്ചില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:8) മറുപടി ലഭിച്ചില്ല.

| മാസം | അനുവദിച്ച തുക | പരിധി | അധികമായി നൽകിയ തുക |
|---|---|---|---|
| ഏപ്രിൽ | 2600 | 2940 | 2460 |
| മെയ് | 2000 | | |
| ജൂൺ | 800 | | |
| ജൂലൈ | 3800 | 2940 | 7460 |
| ആഗസ്റ്റ് | 3200 | | |
| സെപ്റ്റംബർ | 3400 | | |
| ഒക്ടോബർ | 800 | 2940 | 1860 |
| നവംബർ | 1400 | | |
| ഡിസംബർ | 2600 | | |
| ആകെ | | | 11780 |

അധികമായി അനുവദിച്ച 11780/-രൂപ നിരാകരിക്കുന്നു.

## 3-13 ഡയറി എക്സ്റ്റൻഷൻ ഓഫീസറുടെ പ്രോജക്ടുകൾ

*i. സ്വയം സഹായ സംഘങ്ങൾക്ക് കറവ പശു വാങ്ങി നൽകൽ*

പ്രോജക്ട് നമ്പർ – എസ് 0054/16

അടങ്കൽ – 75000/-

ചെലവഴിച്ച തുക – 75000/-

ബിൽ നമ്പർ – 5/15-16 തീയതി, 14.03.2016 - 75000/-

സ്വയം സഹായ സംഘങ്ങൾക്ക് കറവപശു വാങ്ങി നല്കുന്നതിനായാണ് പ്രോജക്ട് രൂപീകരിച്ചത്. 30000/-രൂപയ്ക്ക് താഴെ വിലയുള്ള പശു വാങ്ങുന്നതിനായി ബാങ്ക് വായ്പ ഉൾപ്പെട്ടതാണ് പദ്ധതി. 6 പേരടങ്ങുന്ന ഒരു ഗ്രൂപ്പിന് ഗുണഭോക്താവ് ഒന്നിന് 12500/-രൂപ നിരക്കിൽ ഇതിനായി 75000/- രൂപ സബ്സിഡി നൽകി. സബ്സിഡി തുക മൈലച്ചൽ സർവീസ് സഹകരണ ബാങ്കിന് കൈമാറുകയും ചെയ്തു. ഈ പദ്ധതിയിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

20.02.2016ലെ ഉത്തരവ് പ്രകാരം സബ്സിഡി തുക ബാങ്കിന് കൈമാറിയെങ്കിലും നാളിതു വരെ ബാങ്കിൽ നിന്നും വായ്പ അനുവദിച്ചിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:4) ഗ്രൂപ്പിലെ 2 അംഗങ്ങൾക്ക് മുൻ വായ്പ ബാധ്യത ഉണ്ടായിരുന്ന തിനാൽ തുക നൽകിയില്ല എന്നും ഭരണസമിതിയുടെ ഇടപെടലിനെ തുടർന്ന് വായ്പ അനുവദിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായതായും മറുപടി ലഭിച്ചു.

2015-16 വർഷത്തെ പദ്ധതിയുടെ തുക കഴിഞ്ഞ പത്തു മാസങ്ങളായി സഹകരണ ബാങ്കിന്റെ കൈകളിലാണ്. സർക്കാർ പണം ഇങ്ങനെ ഒരു ഉപയോഗവുമില്ലാതെ ഒരു സഹകരണ ബാങ്കിൽ സൂക്ഷിക്കുന്ന നടപടി അംഗീകരിക്കാൻ കഴിയില്ല. ഇതിന്മേൽ ആവശ്യമായ നടപടികൾ സ്വീകരിച്ച് വായ്പ അനുവദിക്കാൻ കഴിയാത്തതു ഭരണ സമിതിയുടെ ഭാഗത്തു നിന്നുള്ള വീഴചയാണ്.

ഗ്രൂപ്പിലെ അംഗങ്ങൾ പശുവിനെ വാങ്ങിയെന്നാണ് ഡയറി എക്സ്റ്റൻഷൻ ഓഫീസർ മറുപടി നൽകിയത്. പദ്ധതി പണം അർഹമായ ഗുണഭോക്താക്കൾക്ക് നിശ്ചിത സമയ ക്രമത്തിൽ നൽകാത്തത് ഗുണഭോക്താക്കൾക്ക് സാമ്പത്തിക ബാധ്യത ഉണ്ടാക്കു മെന്നതിൽ സംശയമില്ല. 2 പേർക്ക് വായ്പ ബാധ്യത ഉണ്ടെന്ന പേരിൽ മറ്റു 4 പേർക്കും തുക ലഭിച്ചില്ല. ബാങ്കിൽ നിന്നും ഗ്രേഡിംഗ് നടത്തുകയോ വായ്പ അനുവദിച്ചുകൊണ്ടുള്ള കത്ത് ലഭ്യമാക്കുകയോ ചെയ്യാത്തതിനാലാണ് ഈ അപാകത സംഭവിച്ചിട്ടുള്ളത്. മാർഗ്ഗരേഖ യിലെ നിർദ്ദേശങ്ങൾ പാലിച്ച് പദ്ധതി നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. മേൽപറഞ്ഞ അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവുതുകയായ 75000/-രൂപ തടസ്സപ്പെടുത്തുന്നു.

*ii. കാലിത്തീറ്റ വിതരണം - വിധവ*

പ്രോജക്ട് നമ്പർ – എസ് -0069/16

അടങ്കൽ തുക – 544300/-

ചെലവഴിച്ച തുക – 206066/-

ബിൽ നമ്പർ – 6/15-16 തീയതി 14.03.2016 206066/-

വിധവകളായ ക്ഷീര കർഷകർക്ക് അവർ ക്ഷീര സംഘത്തിന് നൽകുന്ന പാലിന്റെ അടിസ്ഥാനത്തിൽ സബ്സിഡി നിരക്കിൽ കാലിത്തീറ്റ അനുവദിക്കുന്നതാണ് പദ്ധതി. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി താഴെപറയുന്ന വ്യക്തികൾക്കു തോട്ടവാരം ക്ഷീരസംഘം മുഖേന സബ്സിഡി നൽകി.

- എം.കമലം, കൃഷ്ണ വിലാസം, തോട്ടവാരം
- എൻ.രമ, മേയ്ക്കോണം വടക്കേക്കര റോഡരികത്തു വീട്
- ജെ.സരോജം, പാലാ പറമ്പു മേലെ തട്ട് പുത്തൻ വീട്
- എൽ.ലളിത, കഴിവിളാകം മേലെ പുത്തൻ വീട്

എന്നാൽ ഇതേ വ്യക്തികൾക്ക് കാലിത്തീറ്റ വിതരണം(എസ് 0057/16) എന്ന മറ്റൊരു പദ്ധതിയിൽ ഉൾപ്പെടുത്തി സബ്സിഡി അനുവദിച്ചിരിക്കുന്നു. ഒരേ പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ടു തവണ സബ്സിഡി നൽകിയത് അനുവദിക്കാവുന്നതല്ല. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:9) മറുപടി ലഭിച്ചില്ല. ആയതിനാൽ മേൽപ്പറഞ്ഞ സബ്സിഡി തുകയായ 2762/-രൂപ നിരസിക്കുന്നു.

ഈ പദ്ധതിയുമായി ബന്ധപ്പെട്ട താഴെ പറയുന്ന രേഖകൾ ഹാജരാക്കിയില്ല

- കള്ളിക്കാട് സഹകരണ സംഘത്തിന് 5242/- രൂപ അനുവദിച്ചതിന്റെ വിതരണ വിവരങ്ങൾ
- എള്ളുവിള സഹകരണ സംഘത്തിന് 20000/- രൂപ അനുവദിച്ചതിന്റെ വിതരണ വിവരങ്ങൾ
- പൂഴനാട് സഹകരണ സംഘത്തിന് 8878 (5360 + 3518)രൂപ അനുവദിച്ചതിന്റെ വിതരണ വിവരങ്ങൾ
- സഹകരണ സംഘങ്ങൾ കാലിത്തീറ്റ വാങ്ങിയതെന്ന് കാണിക്കുന്ന 206066/- രൂപയുടെ ഇൻവോയിസ്

മേൽ പറഞ്ഞ കാരണങ്ങളാൽ, നിരസിച്ച 2762/-രൂപ കുറച്ച്, 203304/-രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

*iii. കാലിത്തീറ്റ വിതരണം - വനിത*

പ്രോജക്റ്റ് നമ്പർ – എസ് - 0057/16

അടങ്കൽ – 2455700/-

ചെലവ് തുക – 2455700/-

ബിൽ നമ്പർ 02/15-16 തീയതി 13.01.2016 1000000/-

ബിൽ നമ്പർ 03/15-16 തീയതി 16.02.2016 1014100/-

ബിൽ നമ്പർ 04/15-16 തീയതി 14.03.2016 441600/-

വിധവകളായ ക്ഷീര കർഷകർക്ക് അവർ ക്ഷീര സംഘത്തിന് നൽകുന്ന പാലിന്റെ അടിസ്ഥാനത്തിൽ സബ്സിഡി നിരക്കിൽ കാലിത്തീറ്റ അനുവദിക്കുന്നതാണ് പദ്ധതി. സർക്കാർ ഉത്തരവ് സ.ഉ.(സാധാ)നം.1102/2014 /ത.സ്വ.ഭ.വ തീയതി.08.05.14 പ്രകാരം കാലിത്തീറ്റ സബ്സിഡി ആയി ഒരു ഗുണഭോക്താവിന് അനുവദിക്കാവുന്ന പരമാവധി തുക 14000/-രൂപയാണ്. എന്നാൽ താഴെ പറയുന്ന ഗുണക്താക്കൾക്ക് 14000/-രൂപയിൽ അധികരിച്ച് സബ്സിഡി അനുവദിച്ചു.

| പേര് | സഹകരണ സംഘം | അനുവദിച്ച സബ്സിഡി | അധികം അനുവദിച്ചത് |
|---|---|---|---|
| രമണി, തെക്കേ കാവല്ലൂർ പുത്തൻ വീട്, കാവല്ലൂർ | അമ്പകംതല | 22742 | 8742 |
| വിനിത, വിഷ്ണു നിവാസ്, മഞ്ചവിളാകം | മഞ്ചവിളാകം | 16428 | 2428 |
| ഷീന | ആറാട്ടുകുഴി | 17442 | 3442 |
| ലളിത കെ, മുളങ്കുഴി റോഡരികത്തു വീട് | ചെമ്പൂർ | 25421 | 11421 |
| കല ബൈജു, പ്രഭ നിവാസ് | മഞ്ചവിളാകം | 19520 | 5520 |
| ആകെ | | | 31553 |

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിനു(നം:9) മറുപടി ലഭിച്ചില്ല. അധികം നൽകിയ തുകയായ 31553രൂപ നിരസിക്കുന്നു.

ഈ പദ്ധതിയുമായി ബന്ധപ്പെട്ട താഴെ പറയുന്ന രേഖകൾ ഹാജരാക്കിയില്ല

- കുടപ്പനമൂട് സഹകരണ സംഘത്തിന് 8360 രൂപ അനുവദിച്ചതിന്റെ വിതരണ വിവരങ്ങൾ
- സഹകരണ സംഘങ്ങൾ കാലിത്തീറ്റ വാങ്ങിയതെന്ന് കാണിക്കുന്ന 2455700രൂപയുടെ ഇൻവോയിസ്

മേൽ പറഞ്ഞ കാരണങ്ങളാൽ, നിരസിച്ച 31553/-രൂപ കുറച്ച്, 2424147/-രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

*iv. കറവ പശു വാങ്ങുന്നതിനു പലിശ ഇല്ലാതെ വായ്പ (റിവോൾവിങ് ഫണ്ട്)*

പ്രോജക്ട് നമ്പർ – എസ് 0058/16

ബിൽ നമ്പർ – 1/15-16 തീയതി 17.11.2015 100000/-

കറവ പശു വാങ്ങുന്നതിന ക്ഷീര സംഘങ്ങൾ മുഖേന റിവോൾവിങ് ഫണ്ട് അനുവദിക്കുന്നതാണ് പദ്ധതി. ഇതനുസരിച്ച ഓരോ ഗുണഭോക്താവിനും 30000/- രൂപ അനുവദിക്കുന്നു. 2015-16വർഷത്തിൽ പദ്ധതി നടപ്പാക്കിയത് 4ഗ്രൂപ്പുകൾ മുഖേനയാണ്. താഴെ പറയുന്ന രീതിയിൽ റിവോൾവിങ് ഫണ്ട് അനുവദിച്ചു.

| സംഘത്തിന്റെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| കള്ളിക്കാട് -1 | 9 | 270000 |
| കള്ളിക്കാട് -2 | 8 | 240000 |
| മൈലക്കാട് | 8 | 240000 |
| വാവോട് | 8 | 240000 |

ക്ഷീര കർഷകരെ തെരെഞ്ഞെടുത്ത മാനദണ്ഡങ്ങൾ അറിയിക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം:4) ക്ഷീര സംഘത്തിലെ പാലളവ്, ഫണ്ട് തിരിച്ചടക്കുന്നതിലെ വില്ലിംഗ്നസ് എന്നിവ പരിഗണിച്ചതായി മറുപടി നൽകി. എന്നാൽ ഇത് സംബന്ധിച്ച അപേക്ഷകൾ, തെരെഞ്ഞെടുത്ത അപേക്ഷകൾ, ഗുണഭോക്താക്കൾ തുക കൈപ്പറ്റിയ അക്വിറ്റൻസ്, പശുക്കൾക്ക് എടുത്തിട്ടുള്ള ഇൻഷുറൻ സിന്റെ വിവരങ്ങൾ എന്നിവ ഹാജരാക്കിയില്ല. ഗുണഭോക്താക്കൾ വായ്പ തുക തിരിച്ചടക്കുന്നതുമായി ബന്ധപ്പെട്ട രേഖകൾ 3 ഗ്രൂപ്പുകൾ ഹാജരാക്കിയില്ല. ആയതിനാൽ പദ്ധതിയുടെ പ്രവർത്തനവും തിരിച്ചടവും പരിശോധിക്കാൻ കഴിഞ്ഞില്ല. വിതരണ രേഖകളുടെ അഭാവത്തിൽ പദ്ധതിക്കായി ചെലവഴിച്ച 100000/- രൂപ തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന പദ്ധതി | സ.ഉ(സാധാ) നം 90/2013/ ത.സ്വ.ഭ.വ, | 29215500 | 13183825 | 2209587 | - | 10974238 |

| | | | | | | |
|---|---|---|---|---|---|---|
| | തിയതി. 14.03.2013 | | | | | |
| ഐ.എ.വൈ ഭവന പദ്ധതി | സ.ഉ(സാധാ) നം 90/2013/ ത.സ്വ.ഭ.വ, തിയതി. 14.03.2013 | 8000000 | 7200000 | 3700000 | 1471456 | 3500000 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

*(എ) സംക്ഷിപ്ത വിവരം*

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | - 204136132 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | - 141868682 |
| വരവിനങ്ങളിലുള്ള നഷ്ടം | - - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - 50093 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | - 2862451 |

*(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം*

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3.2 | - | 1598 | ശ്രീ.അജിത്കുമാർ.ജി.എസ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3.11 | - | 2400 | ശ്രീ.ബി.അനീഷ്, സെക്രട്ടറി |
| 3.12 | - | 11780 | ശ്രീ.ബി.അനീഷ്, സെക്രട്ടറി |
| 3.13 (ii) | - | 2762 | ശ്രീ.ബി.ശ്രീകുമാർ, ക്ഷീരവികസനഓഫീസർ |
| 3.13 (iii) | - | 31553 | ശ്രീ.ബി.ശ്രീകുമാർ, ക്ഷീരവികസനഓഫീസർ |
| ആകെ | | 50093 | |

*ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക*

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3.6 | 60000 | ശ്രീമതി.ജയകുമാരി.ഡി, പട്ടികജാതി വികസന ഓഫീസർ (ഗ്രേഡ് I) |
| 3.13 (i) | 75000 | ശ്രീ.ബി. കുമാർ, ക്ഷീരവികസനഓഫീസർ |
| 3.13 (ii) | 203304 | ശ്രീ.ബി.ശ്രീകുമാർ, ക്ഷീരവികസനഓഫീസർ |
| 3.13 (iii) | 2424147 | ശ്രീ.ബി.ശ്രീകുമാർ, ക്ഷീരവികസനഓഫീസർ |
| 3.13 (iv) | 100000 | ശ്രീ.ബി.ശ്രീകുമാർ, ക്ഷീരവികസനഓഫീസർ |
| ആകെ | 2862451 | |

*(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം*

ഇല്ല

*(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ*

ഇല്ല

*(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ*

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ജയകുമാരി.ഡി, പട്ടികജാതി വികസന ഓഫീസർ (ഗ്രേഡ് I) | എസ്.സി.ഡി.ഒ, പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത് | മണിമംഗലം, അമ്പയിൽതല, നാറാണി, കുന്നത്തുകാൽ.പി.ഒ |
| ശ്രീ.ബി.ശ്രീകുമാർ, ക്ഷീരവികസനഓഫീസർ | - | ടി.സി-13/1837, കോയിക്കൽ ലെയിൻ, കുമാരപുരം, മെഡിക്കൽ കോളേജ്.പി.ഒ |
| ശ്രീ.ബി.അനീഷ്, സെക്രട്ടറി | | മലവിള പുത്തൻ വീട്, കീഴാറൂർ, കീഴാറൂർ.പി.ഒ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1999-00 | എൽഎഫ്.റ്റിഡി. ബി&ഡി 460/09 തീയതി. 26.11.2012 | 10 | |
| 2000-01 | എൽഎഫ്.റ്റിഡി. ബി&ഡി 407/11തീയതി 17.11.2012 | 12 | |
| 2001-02 | എൽഎഫ്.റ്റിഡി. ബി&ഡി 107/08 തീയതി | 22 | |

| | | | |
|---|---|---|---|
| | 26.11.2012 | | |
| 2002-03 | എൽഎഫ്.റ്റിഡി. ബി&ഡി 1248/10 തീയതി 26.11.2012 | 4 | |
| 2003-04 | എൽഎഫ്.റ്റിഡി. ബി&ഡി 1247/10 തീയതി 26.11.2012 | 5 | |
| 2004-05 | എൽഎഫ്.റ്റിഡി. ബി&ഡി 1249/10 തീയതി 21.03.2015 | 4 | |
| 2005-06 | എൽഎഫ്.റ്റിഡി. ബി&ഡി 1246/10 തീയതി 22.08.2011 | 8 | |
| 2006-07 | എൽഎഫ്.റ്റിഡി. ബി&ഡി 1860/12 തീയതി 24.08.2012 | 4 | |
| 2007-08 | എൽഎഫ്.റ്റിഡി. ബി&ഡി 1861/12 തീയതി 25.10.2012 | 5 | |
| 2008-09 | എൽഎഫ്.റ്റിഡി. ബി&ഡി 1862/12 തീയതി 11.08.2014 | 5 | |
| 2009-10 | എൽഎഫ്.റ്റിഡി. ബി&ഡി 646/13 തീയതി 15.10.2014 | 2 | |
| 2010-11 | എൽഎഫ്.റ്റിഡി. ബി&ഡി 1209/15തീയതി 26.10.2015 | 8 | |
| 2011-12 | എൽഎഫ്.റ്റിഡി. ബി&ഡി 2250/14തീയതി 20.11.2014 | 5 | |
| 2012-13 | എൽഎഫ്.റ്റിഡി. ബി&ഡി 632/15 തീയതി 03.05.2015 | 11 | |
| 2013-14 | എൽഎഫ്.റ്റിഡി. ബി&ഡി 684/15 തീയതി 07.07.2015 | 5 | |
| 2014-15 | എൽഎഫ്.റ്റിഡി. ബി&ഡി 70/16തീയതി 23.01.2016 | 8 | |

ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

അനുബന്ധം-1

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും 2003 ജൂൺ 12-ലെ നമ്പർ 319/2003 ധന/തീയതി 12.06.2003 ഉത്തരവും അനുസരിച്ചാണ്.

ജോയിന്റ് ഡയറക്ടർ.

<u>അനുബന്ധം</u>

<u>ന്യൂനതകളുടെ സഗ്രഹം</u>

1) ഐ.എ.വൈ പദ്ധതിയിൽ ബ്ലോക്ക് ഷെയർ ആയി ചെലവഴിച്ച തുക എ.എഫ്.എസിലെ വരവിലും ചെലവിലും ഇരട്ടിച്ചിട്ടുണ്ട്.

2) വായ്പ ഇനത്തിൽ തിരിച്ചടക്കാനുള്ള തുകയിൽ വ്യത്യാസമുണ്ട്.

3) ബ്ലോക്ക് പഞ്ചായത്തിന്റെ എല്ലാ ആസ്തികളുടെയും വിവരങ്ങൾ എ.എഫ്.എസിൽ ഉൾപ്പെടുത്തിയിട്ടില്ല.

ജോയിന്റ് ഡയറക്ടർ.